**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 186** **23-01-2025 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി ഡിപ്പാർട്ട്മെന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി ഡിപ്പാർട്ട്മെന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | നിലവിലുള്ള ഒരു ഗൈനക്കോളജിസ്റ്റ്, അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ജൂനിയർ കൺസൾട്ടന്റ് എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി ആഴ്ചയിൽ രണ്ടു ദിവസം ഗൈനക്കോളജി ഒ.പി പ്രവർത്തിക്കുന്നുണ്ട് |
| (ബി) | എങ്കിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് ഇതിനായി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള ഗൈനക്കോളജിസ്റ്റിനും, നഴ്സിംഗ് ഓഫീസർമാർക്കും തൃശ്ശൂർ ജനറൽ ആശുപത്രിയിൽ നിന്നും ലേബർ റൂം പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | നിലവിൽ ഒഴിവുള്ള ഗൈനക്കോളജിസ്റ്റ് (ജൂനിയർ കൺസൽട്ടന്റ്), സ്റ്റാഫ് നഴ്സ് (ഡെപ്യൂട്ടേഷൻ 2 ഒഴിവുകൾ), ഗ്രേഡ് വൺ അറ്റെൻഡന്റ് (3 ഒഴിവുകൾ) എന്നീ തസ്തികകളിൽ നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പുതുക്കാട് താലൂക്ക് ആശുപത്രിയിൽ നഴ്സിംഗ് ഓഫീസർ തസ്തികയിൽ നിലവിൽ ഒഴിവുകൾ ഇല്ല. MBBS യോഗ്യതയുള്ള ഒരു മെഡിക്കൽ ആഫീസർ അഡ്ഹോക്ക് വ്യവസ്ഥയിൽ ജൂനിയർ കൺസൾട്ടന്റ് ഗൈനക്ക് തസ്തികയിൽ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. ടി ഒഴിവിൽ നിലവിലുള്ള അസിസ്റ്റന്റ് സർജന്മാരിൽ നിന്നും ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിലേയ്ക്ക് placement നൽകി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ